ഉപകരണങ്ങൾ മുതലായ പരിരക്ഷകൾ തൊഴിലുടമയിൽ നിന്നും കരാറുകാരിൽ നിന്നും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു. റീജിയണൽ ജോയിന്റ് ലേബർ കമ്മീണർമാർ, ജില്ലാ ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർമാർ എന്നീ ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന പരിശോധനകളിൽ ബിൽഡിംഗ് ആന്റ അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട്, ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് ആക്ട് എന്നീ നിയമങ്ങൾ പ്രകാരം കണ്ടെത്തുന്ന തൊഴിൽ നിയമലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

തൊഴിലില്ലായ്മവേതനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

256 (2811) ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലിലായ്മ വേതനം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ; ഓരോ ജില്ലയിലും ഇപ്പോൾ എത്ര പേർക്ക് വീതം തൊഴിലില്ലായ്മ വേതനം നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തൊഴിലില്ലായ്മ വേതനം പ്രതിമാസം എത്ര രൂപയാണ് നൽകുന്നത് ; ഈ തുക വർദ്ധിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്രയായി വർദ്ധിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ ;

(സി) മുഴുവൻ അപേക്ഷകർക്കും യാതൊരുവിധ മാനദണ്ഡവുമില്ലാതെ തൊഴിലില്ലായ്മ വേതനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തൊഴിൽരഹിത വേതനം ലഭിക്കുന്നതിന് അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിന് ശേഷം തുടർച്ചയായി 3 വർഷം തൊഴിലൊന്നും ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവർ

2. വാർഷിക കുടുംബ വരുമാനം 12000 രൂപയിലും അപേക്ഷകന്റെ വ്യക്തിഗത വരുമാനം പ്രതിമാസം 100 രൂപയിലും കവിയാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

3. അപേക്ഷകൻ/അപേക്ഷക എസ്.എസ്.എൽ.സി.യോ തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം. എസ്.സി./എസ്.റ്റി. വിഭാഗക്കാർ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാകണമെന്നില്ല. അവർ ടി പരീക്ഷയ്ക്ക് ഹാജരായാൽ മതിയാകും. വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിന് ശേഷം തുടർച്ചയായി 2 വർഷത്തെ സീനിയോറിറ്റിയും എസ്.സി./എസ്.റ്റി. വിഭാഗക്കാർക്ക് തത്തുല്യമായ വിദ്യാഭ്യാസ യോഗ്യതയും മതിയാകും.

4. അപേക്ഷകൻ/അപേക്ഷക വിദ്യാർത്ഥി ആയിരിക്കാൻ പാടില്ല.

തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നവരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ തൊഴിൽരഹിത വേതനമായി പ്രതിമാസം 120 രൂപ (ആറ്റിഇരുപത് രൂപ മാത്രം)-യാണ് നൽകിവരുന്നത്. തൊഴിൽരഹിത വേതനം വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

നിലവിലെ നിയമപ്രകാരം തൊഴിൽരഹിത വേതനത്തിന് അപേക്ഷിക്കുന്നവരുടെ കുടുംബ, വ്യക്തിഗത വരുമാനം, പ്രായം, വിദ്യാഭ്യാസ യോഗ്യത, തൊഴിൽനില എന്നീ കാര്യങ്ങൾ പരിശോധിച്ച് അർഹതയുള്ളവർക്ക് മാത്രമാണ് വേതനം നൽകുന്നത്. നിലവിലെ നിയമപ്രകാരമല്ലാതെ, യാതൊരു മാനദണ്ഡവുമില്ലാതെ തൊഴിൽരഹിത വേതനം നൽകുന്നത് പരിഗണിക്കുവാൻ നിർവ്വാഹമില്ല.

തൊഴിലാളിക്ഷേമ ബോർഡുകൾ

257 (2812) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനു കീഴിൽ എത്ര തൊഴിലാളിക്ഷേമ ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട് ; ദേശസാൽകൃത ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ഷെഡ്യൂൾ ബാങ്കുകൾ, സർക്കാർ ട്രഷറി എന്നിവയിൽ പ്രസ്തുത ബോർഡുകളുടെ നിക്ഷേപങ്ങൾ സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിലാകെ എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; 31-10-2014-ലെ കണക്ക് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly